267718/2023

"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

**(കേരളസംസ്ഥാനം)**

<u>അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>

(നിലവിൽ: അനീഷ് .എ.ബി )

വിഷയം:- ട്രെയിനിംഗ് ഡയറക്ടറേറ്റ്-ജീവനക്കാര്യം -ഹെഡ് ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1) 22.04.2016 ലെ എ3/3309/2016 നമ്പർ ഉത്തരവ്

2) ശ്രീമതി.സരിത കെ.എസ്, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച OA(Ekm) 1700/2022 നമ്പരായ ഹർജ്ജി.

3) 14.11.2022 ലെ DT/2289/2021-A3 നമ്പരായ കത്ത്.

4) 11.01.2023 ലെ സി 1 /215/2022-തൊഴിൽ നമ്പർ സർക്കാർ കത്ത്.

**<u>ഉത്തരവ് നമ്പർ: DT/5471/2022-A3 തീയതി: 23-01-2023</u>**

വ്യാവസായിക പരിശീലന വകുപ്പിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ ഒഴിവുണ്ടായിട്ടുണ്ട്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | :ഒഴിവുണ്ടായ രീതി |
|---|---|---|
| 1 | :ഐ.ടി.ഐ കഴക്കൂട്ടം | :ശ്രീമതി.സീന എ യുടെ സ്ഥാനക്കയറ്റം |
| 2 | :ഐ.ടി.ഐ ആറ്റിങ്ങൽ | :ശ്രീമതി.സിന്ധു എസ് -ന്റെ സ്ഥാനക്കയറ്റം |
| 3 | :ആർ.ഐ.സി ചാക്ക | :ശ്രീമതി.ഷൈനി ബി-യുടെ സ്ഥാനക്കയറ്റം |
| 4 | :ഐ.ടി.ഐ കട്ടപ്പന | :ശ്രീ.പ്രസാദ് കെ.എസ് -ന്റെ സ്ഥാനക്കയറ്റം |
| 5 | :ആർ.ഐ.സി കോഴിക്കോട് | :ശ്രീ.വേണു സ്റ്റീഫന്റെ സ്ഥലം മാറ്റം |
| 6 | :ഐ.ടി.ഐ കോഴിക്കോട് | :ശ്രീമതി.ബേബി ഗിരിജയുടെ സ്ഥാനക്കയറ്റം |

സീനിയർ ക്ലാർക്ക് തസ്തികയുടെ അന്തിമ സീനിയോരിറ്റിലിസ്റ്റിന്മേലുള്ള സീനിയോരിറ്റി തർക്കവുമായി ബന്ധപ്പെട്ട് പരാമർശം 2 പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ 1700/2022 നമ്പരായി കേസ് നിലനിൽക്കുന്നുണ്ടെങ്കിലും, മേല്പറഞ്ഞ കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവുകളോന്നും പുറപ്പെടുവിക്കാത്തിടത്തോളം , നിലവിലെ യു.ഡി ക്ലാർക്ക് തസ്തികയുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിന് നിയമ തടസ്സമില്ല എന്നും പ്രസ്തുത പ്രോമോഷനുകൾ OA(Ekm) No.1700/2022 നമ്പർ കേസിലെ ബഹു.ട്രൈബ്യൂണലിന്റെ അന്തിമവിധിക്ക് വിധേയമായിരിക്കുമെന്ന വ്യവസ്ഥയോടെ മാത്രമാണ് നടപ്പിലാക്കേണ്ടത് എന്നും പരാമർശം 4 സർക്കാർ കത്ത് പ്രകാരം നിയമോപദേശം ലഭിച്ചിട്ടുണ്ട്.

മേൽപ്രസ്താവിച്ച സാഹചര്യത്തിലും OA(Ekm) No.1700/2022 നമ്പർ കേസിൽ ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവുകളോ്നും പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും ഹെഡ് ക്ലാർക്ക് തസ്തികയുടെ മേല്പറഞ്ഞ ഒഴിവിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനായി സീനിയർ ക്ലാർക്ക് തസ്തികയുടെ പരാമർശം 1 പ്രകാരമുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ചുവടെ പറയുന്ന ജീവനക്കാർക്ക് KS&SSRs Part-2, Rule. 28(b)(ii) അനുസരിച്ച് 39300-83000 രൂപാ ശമ്പള സ്കെയിലിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ചും ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിയമിച്ചും ഉത്തരവാകുന്നു.

| ക്രമ നമ്പര് | ഗ്രഡേഷന് ലിസ്റ്റിലെ ക്രമനമ്പര് | ഉദ്യോഗസ്ഥന്റെ പേര്, നിലവിലെ തസ്തിക, സ്ഥാപനം | ഉദ്യോഗക്കയറ്റം അനുവദിച്ച് നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | 335 | ശ്രീമതി.ഹസ്ന ബീവി ,സീനിയർ ക്ലാർക്ക് ഐ.ടി.ഐചാലക്കുടി (വ) | ആർ.ഐ.സി ചാക്ക |
| 2 | 336 | ശ്രീമതി.കല ടി.കെ,സീനിയർ ക്ലാർക്ക് ,ഐ.ടി.ഐ കൊടുവള്ളി | ഐ.ടി.ഐ കോഴിക്കോട് |
| 3 | 337 | ശ്രീ.നസീര് എ, സീനിയർ ക്ലാർക്ക്,ഡയറക്ടറേറ്റ് | ഐ.ടി.ഐ ആറ്റിങ്ങൽ |
| 4 | 338 | ശ്രീ.മനോജ് എം.കെ,സീനിയർ ക്ലാർക്ക്,ഐ.ടി.ഐ മലമ്പുഴ | ഐ.ടി.ഐ കഴക്കൂട്ടം(വ) |
| 5 | 339 | ശ്രീമതി.സരിത കെ.എസ് ,സീനിയർ ക്ലാർക്ക്, ഐ.ടി.ഐ ചാത്തമംഗലം | ആർ.ഐ.സി കോഴിക്കോട് |
| 6 | 340 | ശ്രീ.ബൈജു.ജി സീനിയർ ക്ലാർക്ക് ,ഐ.ടി.ഐ വയലാർ | ഐ.ടി.ഐ കട്ടപ്പന |

ടി സ്ഥാനക്കയറ്റം OA(Ekm) No.1700/2022 നമ്പർ കേസിലെ ബഹു.ട്രൈബ്യൂണലിന്റെ അന്തിമവിധിക്ക് വിധേയമാണ്. മേൽപറയും പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർ അതാത് സ്ഥാപനമേധാവി മുമ്പാകെ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്.

സീനിയർ ക്ലാർക്ക് തസ്തികയുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിന്മേൽ സീനിയോരിറ്റി തർക്കം ഉന്നയിച്ചുകൊണ്ടുള്ള ജീവനക്കാരുടെ പരാതികൾ പരിശോധിച്ച് വരികയാണ്. ഇക്കാര്യത്തിൽ പരാമർശം 2 പ്രകാരമുള്ള കേസിന്മേലുള്ള അന്തിമ വിധി ,പരാമർശം 3 പ്രകാരം സർക്കാരിൽ സമർപ്പിച്ച കത്തിന്മേലുള്ള സ്പഷ്ടീകരണം, മറ്റ് സീനിയോരിറ്റി സംബന്ധിച്ച പരാതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് തസ്തികയുടെ സീനിയോരിറ്റി പുന:ക്രമീകരിക്കേണ്ട സാഹചര്യമുണ്ടാകുമെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ സ്ഥാനക്കയറ്റം പുന:പരിശോധിക്കുന്നതാണ്.

(ഒപ്പ്)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

**സ്വീകർത്താവ് :**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

**പകർപ്പ് :**

ബന്ധപ്പെട്ട സ്ഥാപന മേധാവികൾ /സ്റ്റോക്ക് ഫയൽ /
വകുപ്പ് വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്